പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1654** 12.06.2019-ലെ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ പൊതു സർവീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** |
| (എ) തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ വിവിധ വിഭാഗങ്ങളിൽ (നഗരകാര്യം, മുനിസിപ്പൽ കോമൺ സർവീസ്, ഗ്രാമവികസനം, എൽ.എസ്. ജി.ഡി. എഞ്ചിനീയറിംഗ് തുടങ്ങിയവ) വിവിധ തസ്തിക കളിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റ് വകുപ്പ് തിരിച്ചാണോ അഥവാ ഒറ്റ ലിസ്റ്റ് ആയിട്ടാണോ തയ്യാറാക്കുന്നതെന്നറിയിക്കുമോ; | (എ) സീനിയോറിറ്റി ലിസ്റ്റ് പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ് തയ്യാറാക്കുന്നത്. കരട് സ്പെഷ്യൽ റൂൾ നിലവിൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. ആയത് അന്തിമമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) ടി പൊതു സർവ്വീസ് എന്നു പ്രാബല്യത്തിൽ വരുമെന്നും 2010 ന് ശേഷം ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ അധിക തസ്തിക അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളും, ടി നഗരസഭകളിലേക്ക് ശുപാർശ ചെയ്യപ്പെട്ട തസ്തികകളുടെ എണ്ണവും തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (ബി) പൊതുസർവ്വീസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആയത് നിലവിൽ വരുന്നതാണ്. 2010 ന് ശേഷം അപ്ഗ്രേഡ് ചെയ്ത നഗരസഭകളിൽ അധിക തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | 2019 സെപ്റ്റംബർ 30 വരെ നഗരകാര്യവകുപ്പിൽ എത്ര റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട് എന്നറിയിക്കാമോ; ഇതിൽ മെയ് 31 വരെ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്; ബാക്കി ഒഴിവുകൾ എപ്പോൾ നികത്താനാകും എന്നറിയിക്കാമോ; | (സി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ സൂപ്രണ്ട് തസ്തികയിൽ 267-ഉം ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 213-ഉം തസ്തികകൾ നിലവിലുണ്ട്. 2019 സെപ്റ്റംബർ 30 വരെ സൂപ്രണ്ട് തസ്തികയിൽ 8 ഒഴിവുകളും ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 2 ഒഴിവുകളും ഉണ്ടാകുന്നുണ്ട്. മെയ് 31 വരെയുള്ള ഒഴിവുകൾ ഒന്നും നികത്തിയിട്ടില്ല. 2019-20-ലെ പൊതു സ്ഥലംമാറ്റത്തിനു ശേഷം പ്രസ്തുത ഒഴിവുകൾ ഉദ്യോഗക്കയറ്റം വഴി നികത്തുന്നതാണ്. |
| (ഡി) | ഇപ്പോൾ നഗരകാര്യ വകുപ്പിൽ നിലനിൽക്കുന്ന ഗ്രഡേഷൻ ലിസ്ററിലെ അപാകത പരിഹരിച്ച് എന്നേക്ക് പുറത്തിറക്കും എന്നറിയിക്കാമോ; ഇതു സംബന്ധിച്ച് എത്ര പരാതികൾ നിലവിലുണ്ട്, ആയത് പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ? | (ഡി) | കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 01.12.2017 അടിസ്ഥാനമാക്കിയുള്ള ഗ്രഡേഷൻ ലിസ്റ്റിന്റെ കരട് നഗരകാര്യ ഡയറക്ടറുടെ 23.12.2017-ലെ ഇ3-39672/17 നമ്പർ കത്തു പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ടി ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ക്രമ നമ്പർ 624 വരെയുള്ള ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ള 31.07.2013 അടിസ്ഥാനമാക്കിയുള്ള സീനിയർ ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എൽ.ഡി.ക്ലാർക്ക്/ ബിൽ കളക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നതിൻ പ്രകാരം ടി ജീവനക്കാരുടെ എൽ.ഡി.ക്ലാർക്ക്/ ബിൽ കളക്ടർ തസ്തികയിലെ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേൽ 213 ആക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്. |

ആയത് പരിശോധിച്ച് ടി കരട് ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ ടി ജീവനക്കാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ 31.07.2013 അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ കരട് ലിസ്റ്റും, അന്തിമ ലിസ്റ്റും പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ. ആയതിനു ശേഷം 01.07.2017 അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കുന്നതാണ്. എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ കരട് സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സൂപ്രണ്ട് തസ്തികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള താല്ക്കാലിക ഗ്രഡേഷൻ ലിസ്റ്റിന്മേൽ 53 ആക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്. എൻട്രി കേഡർ മുതലുള്ള ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് അന്തിമമായി പ്രസിദ്ധീകരിച്ച ശേഷം സൂപ്രണ്ട് തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റ് അന്തിമമാക്കുന്നതാണ്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഡ്രൈവർ (HDV, LDV) തസ്തികകളിലെ കരട് ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിന്മേൽ 48 പരാതികളും ഡ്രൈവർ (HDV, LDV) തസ്തികകളിന്മേൽ 29 പരാതികളും ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ